**സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ**

104 (2055) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയയിലൂടെ സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(ബി) 2017-ലെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് ഇത്തരത്തിൽ സോഷ്യൽ മീഡിയയിലൂടെ പ്രചരണം നടത്തിയതിന് മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രളയത്തിന് ശേഷം ഇത്തരത്തിൽ സോഷ്യൽ മീഡിയ വഴി സർക്കാർ നേട്ടങ്ങൾ പ്രചരിപ്പിച്ചതിന് എത്ര തുക അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; ഇനി ഈ ഇനത്തിൽ എത്ര തുക നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 68,57,538 രൂപ (അറുപത്തി എട്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം).

(ബി) 17,70,000 രൂപ (പതിനേഴ് ലക്ഷത്തി എഴുപതിനായിരം രൂപ).

(സി) തുക അനുവദിച്ചിട്ടില്ല.

**സർക്കാർ ഉത്തരവുകൾ വിവര-പൊതുജന-വിവര സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കൽ**

105 (2056) ശ്രീ. ഇ. കെ വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ വിവര -പൊതുജന -വിവര സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇ - ഓഫീസുകൾ വഴി അംഗീകരിക്കുന്ന സർക്കാർ ഉത്തരവുകൾ ഇ-ഓഫീസിന്റെ വിവര -പൊതുജന - വിവര സമ്പർക്ക വകുപ്പിന്റെ വെബ് സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം ഉത്തരവുകൾ എം.എൽ.എ.-മാരുടെ ഇ-മെയിലിൽ ലഭ്യമാക്കാൻ പ്രസ്തുത വകുപ്പിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഇല്ല. സർക്കാർ ഉത്തരവുകൾ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും http://eoffice.kerala.gov.in-ലും ലഭ്യമാണ്.

(സി) ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും അവ അംഗീകരിച്ചയുടനെതന്നെ http://eoffice.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധമാകുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഇല്ലാതെതന്നെ പൊതുജനങ്ങൾക്ക് ഉത്തരവുകളുടെ പകർപ്പുകൾ പ്രസ്തുത വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(ഡി) സർക്കാർ ഉത്തരവുകൾ www.kerala.gov.in എന്ന വെബ്പോർട്ടലിൽ നിന്നും http://eoffice.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

**സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം**

106 (2057) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം ശക്തമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് അവിടെ ജോലി ചെയ്യുന്ന മലയാളികളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സൗദി അറേബ്യയിലെ വിദ്യാഭ്യാസ മേഖലയിൽ എത്ര മലയാളികൾ നിലവിൽ ജോലി ചെയ്യുന്നുണ്ട് എന്നത് സംബന്ധിച്ച കണക്ക് നോർക്ക വകുപ്പിന്റെ കൈവശമുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സൗദി അറേബ്യയിൽ വിദ്യാഭ്യാസ മേഖലയിൽ സ്വദേശിവൽക്കരണം ശക്തമാക്കുന്നതിനുള്ള നടപടി ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലഭ്യമല്ല.

**വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസികൾ**

107 (2058) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസികളായ കേരളീയരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് നൽകി വരുന്ന സർക്കാർ സഹായങ്ങൾ വ്യക്തമാക്കുമോ ;